# പ്രസിദ്ധീകരണത്തിന്

'പോലീസ് കൊമ്മംമ്മറെഷൻ ഡേ' (പോലീസ് ധീര സ്മൃതി ദിനം) യോടനുബന്ധിച്ച് 22.10.2018ൽ രാവിലെ 10 ന് കേരള പോലീസ് വിഭാഗമായ എസ്.ഐ.എസ്.എഫ് (SISF-State Industrial Security Force) ന്റെ നേതൃത്വത്തിൽ SISF ആസ്ഥാനത്ത് വച്ച് അവയവ രക്ത ദാന ക്യാമ്പ് സംഘടിപ്പിച്ചു. "നിങ്ങൾ നമ്മുടെ രാജ്യത്തിനു ജീവൻ നൽകി, ഞങ്ങൾ രക്തവും അവയവങ്ങളും ദാനം ചെയ്തു കൊണ്ട് നിങ്ങളെ സല്യൂട്ട് ചെയ്യുന്നു" എന്ന ആപ്ത വാക്യത്തോടെ നൂറോളം പോലീസ് സേനാംഗങ്ങൾ അവയവവും അൻപതിലധികം പോലീസ് സേനാംഗങ്ങൾ രക്തവും ദാനം ചെയ്തു. അവയവ ദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ 'മൃതസഞ്ജീവനി' പദ്ധതിയുടെ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ വിഭാഗമാണ് സേനാംഗങ്ങളുടെ അവയവ ദാന സമ്മത പത്രം സ്വീകരിച്ചത്. രക്ത ദാനത്തിന് മേൽനോട്ടം വഹിച്ചത് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ബ്ലഡ് ബാങ്ക് അധികൃതരാണ്.

ഈ ചടങ്ങിൽ വച്ച് എസ്.ഐ.എസ്.എഫ് ന്റെ നവീകരിച്ച യൂണിഫോമും സേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി.

കർത്തവ്യ നിർവഹണത്തിനിടയിൽ ജീവൻ ബലി നൽകിയ ധീര പോലീസ് ഉദ്ധ്യോഗസ്ഥരെ സ്മരിച്ചുകൊണ്ടാണ് ഔദ്ധ്യോഗിക പരിപാടികൾ ആരംഭിച്ചത്. ബഹു.അഡിഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അഡ്മിനിസ്ട്രേഷൻ/എ.പി.ബി ശ്രീ.ആനന്ദകൃഷ്ണൻ IPS അവർകൾ ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ എസ്.ഐ.എസ്.എഫ് കമാണ്ടൻറ്റ് ശ്രീ. അൻവിൻ.ജെ.ആൻറ്റണി, മൃതസംജീവനി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഡോ.തോമസ് മാത്യു പോലീസ് വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും മറ്റ് ഉയർന്ന ഉദ്ധ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

കേരളത്തിലെ പൊതു-സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ, ഐ.ടി പാർക്കുകൾ, ഡാമുകൾ, ബാങ്ക് കറൻസി ചെസ്റ്റുകൾ, കൊച്ചി മെട്രോ, റിസർവ് ബാങ്ക് തുടങ്ങിയ സ്ഥലങ്ങളിൽ അതീവ സുരക്ഷ ഒരുക്കുന്ന പോലീസ് വിഭാഗമാണ് സംസ്ഥാന വ്യവസായ സുരക്ഷാ സേന (State Industrial Security Force).

കർത്തവ്യ നിർവഹണത്തിലുപരി ഇത്തരം സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളിലൂടെ എസ്.ഐ.എസ്.എഫ് സേനാംഗങ്ങൾ സമൂഹത്തിന് നല്ല മാതൃകകൾ സൃഷ്ടിക്കുകയാണ്...


For More Details

PH: 0471 2435080

Website: www.sisf.keralapolice.gov.in

Email: sisfkerala@gmail.com